ശ്രദ്ധക്ഷണിക്കൽ

(1) മാസ്റ്റർപ്ലാൻ റദ്ദാക്കൽ

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജക മണ്ഡലത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്ന തിരുവനന്തപുരം നഗര മാസ്റ്റർ പ്ലാൻ റദ്ദാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. ഈ മാസ്റ്റർ പ്ലാൻ പ്രകാരം നഗരമദ്ധ്യത്തിലെ ജയിൽ, ആർ.സി.സി., ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൂടാതെ ഇനി വരാൻപോകുന്ന ഹൈക്കോടതി, നാനോ ടെക്നോളജി എന്നിവ ജനനിബിഢമായ കാട്ടായിക്കോണം, ചേങ്കോട്ടുകോണം, മാങ്ങാട്ടുകോണം, ശാസ്തവട്ടം എന്നീ സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും അവിടെയുള്ള ജനങ്ങളെ ഒഴിപ്പിക്കുമെന്നുമാണ് ഈ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്നത്. കാട്ടായിക്കോണം പ്രദേശങ്ങളിലെ തുണ്ടുതുണ്ടുഭൂമികളിലാണ് പാവപ്പെട്ട ജനങ്ങൾ താമസിക്കുന്നത്. അവിടെ അഞ്ചും പത്തും പതിനഞ്ചും സെന്റുകളായി താമസിക്കുന്ന ഇവരെ കുടിയൊഴിപ്പിക്കുമെന്നാണ് ഈ ജനദ്രോഹ മാസ്റ്റർ പ്ലാനിൽ പറയുന്നത്. XXXXXXXXXXXXXXXXX* ആറ്റിപ്രയിൽ പല വികസനകാര്യങ്ങൾക്കുമായി സ്ഥലം ഏറ്റെടുത്തതിന്റെ ഫലമായി അവിടെ പകുതിയിലേറെ സ്ഥലങ്ങളിലും ഇപ്പോൾ വലിയ സ്ഥാപനങ്ങളായികഴിഞ്ഞു. ഐ.എസ്.ആർ.ഒ., ടെക്നോപാർക്ക്, യൂണിവേഴ്സിറ്റി, ഇൻഡസ്ട്രിയൽ പാർക്ക്, എൻ.എച്ച്.ബൈപ്പാസ്, തുടങ്ങിയ ഒരുപാട് സ്ഥാപനങ്ങൾക്കായി ആറ്റിപ്രയിൽനിന്ന് സ്ഥലം എടുത്തതിന്റെ ഫലമായി അവിടെനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർ ഇപ്പോൾ താമസിക്കുന്നത് ഈ മാസ്റ്റർപ്ലാനിൽ പറയുന്ന ഗ്രീൻഫീൽഡിലും അതുപോലെതന്നെ ലോലേയിംഗ് ഏരിയയിലും വാട്ടർ റിട്ടെൻഷൻ ഏരിയയിലുമൊക്കെയാണ്.

---

* രേഖയിൽനിന്നും നീക്കം ചെയ്തു.

ഇവിടെ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കാനാണ് ഇപ്പോൾ ഈ മാസ്റ്റർ പ്ലാനിൽ പറഞ്ഞിരിക്കുന്നത്. മാത്രമല്ല, ബാക്കിയുള്ള പ്രദേശങ്ങൾ മുഴുവൻ ഐ.റ്റി. ബേയ്സ്ഡ് സോൺ എന്നുപറഞ്ഞ് അവിടെയെങ്ങും വീട് വയ്ക്കാനുള്ള അനുവാദം കൊടുക്കില്ലെന്നാണ് ഈ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്നത്. XXXXXXXXXXXXXXXX*

മി. സ്പീക്കർ: ശ്രീ. എം. എ. വാഹീദ്, ഇത് കഴക്കൂട്ടത്തെ പബ്ലിക് മീറ്റിംഗല്ല, നിയമസഭയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്താൻ സാധ്യമല്ല. കാര്യങ്ങൾ പറഞ്ഞോളൂ.

ശ്രീ. എം. എ. വാഹീദ്: സർ, ഞങ്ങളുടെ നിരന്തരമായ സമ്മർദ്ദം കൊണ്ട് ഈ സർക്കാർ മാസ്റ്റർ പ്ലാൻ മരവിപ്പിച്ചുവെങ്കിലും നാളിതുവരെ അത് പ്രായോഗികമായിട്ടില്ലെന്നുമാത്രമല്ല, നാട്ടിൽ ഇത് ബാധകവുമായിട്ടില്ല. അതിന്റെ ഫലമായി ഈ പ്രദേശങ്ങളിൽ ഒരുസെന്റ് ഭൂമിപോലും കൈമാറ്റം ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇവിടെ ജനങ്ങൾ അഞ്ചും പത്തും പതിനഞ്ചും സെന്റ് ഭൂമിയുള്ള സാധാരണക്കാരുടെ കുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിന് അയയ്ക്കുവാൻ രണ്ട് സെന്റ് ഭൂമി വിൽക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. കാരണം, ഈ വസ്തു ആരും വാങ്ങുന്നില്ല. അഞ്ച് സെന്റ് ഭൂമി വിറ്റ് മകളുടെ വിവാഹം നടത്തണമെന്ന് ആഗ്രഹിക്കുന്ന പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് അതിന് സാധിക്കുന്നില്ല. ഭൂമി പണയപ്പെടുത്തി കുറച്ച് പണം വാങ്ങണമെന്ന് വച്ചാൽ ഒരു സ്ഥാപനങ്ങളും ഈ പ്രദേശത്തെ ഭൂമി ഈടായി സ്വീകരിക്കുന്നില്ല. എന്റെ നാട്ടിലെ ജനങ്ങളെ വല്ലാതെ വേദനിപ്പിക്കുന്ന ഒരു സംഗതിയാണിത്. ധാരാളം സമരങ്ങൾ നടന്നെങ്കിലും ഒരു സമരംപോലും ഇന്നുവരെ വിജയിച്ചിട്ടില്ല. ഇപ്പോഴും നാട്ടുകാർ

* രേഖയിൽനിന്നും നീക്കം ചെയ്തു.

ആശങ്കയിലാണ്. എന്റെ നാട്ടുകാരുടെ കണ്ണുനീർ കണ്ട് സഹിക്കാൻ വയ്യാത്ത സ്ഥിതിയാണിപ്പോഴുള്ളത്. വിവാഹപ്രായമായ മക്കളുമായി എന്റെ വീട്ടിലേയ്ക്ക് വരുന്ന കുടുംബങ്ങളെയാണ് എല്ലാദിവസവും രാവിലെ ഞാൻ കാണുന്നത്. ഞാനൊരു രാഷ്ട്രീയപാർട്ടിയുടെയും സഹായമില്ലാതെ അവിടത്തെ ജനങ്ങളാണ് എന്നെ വിജയിപ്പിച്ച് എം.എൽ.എ. ആക്കി ഈ നിയമസഭയിലേയ്ക്ക് അയച്ചത്. XXXXXXXXXXXXXXXX* അതുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ റദ്ദാക്കിയേ മതിയാവൂ.

മി. സ്പീക്കർ: ഇതൊന്നും സഭാ രേഖകളിൽ ഉണ്ടാവില്ല.

ശ്രീ. എം. എ. വാഹീദ്: ബഹുമാനപ്പെട്ട ചെയർ എന്റെ വികാരം മനസ്സിലാക്കണം. XXXXXXXXXXXXXXXX*

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.......ശ്രീ. എം. എ. വാഹീദ് പറഞ്ഞ ഇത്തരം കാര്യങ്ങളൊന്നും സഭാരേഖകളിൽ ഉണ്ടാവില്ല. നിയമസഭയ്ക്കുള്ളിൽ നിന്നുകൊണ്ട് XXXXXXXXXXXXXXXX* പറയേണ്ടത്. അവരവരുടെ നിയോജകമണ്ഡലങ്ങളിൽ എല്ലാവർക്കും പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും മറ്റെല്ലാ അംഗങ്ങൾക്കും പ്രശ്നങ്ങളുണ്ട്. ഇതൊന്നും നിയമസഭയിൽ പറയേണ്ട കാര്യങ്ങളല്ല. അത് ശരിയല്ല.

ശ്രീ. എം. എ. വാഹീദ്: സർ, ഒരുപാട് സഹിച്ചതാണ്. ബഹുമാനപ്പെട്ട ചെയർ എല്ലാദിവസവും മാധ്യമങ്ങളിൽ കാണുന്നുണ്ടല്ലോ; ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലത്തെ ഇത് ബാധിക്കുകയില്ല. ബാധിക്കുന്ന ആൾ ഞാൻ മാത്രമാണ്. ഞാൻ അനുഭവിക്കുന്ന വേദന എനിക്കുമാത്രമേ അറിയാവൂ.

---

* രേഖയിൽനിന്നും നീക്കം ചെയ്തു.
* രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ശ്രീ. എം. എ. വാഹീദിന്റെ വിഷമം മനസ്സിലാക്കുന്നു. പക്ഷെ, നിയമസഭയ്ക്കുള്ളിൽ ഈ വിധത്തിൽ പറയാൻ സാധ്യമല്ലെന്നാണ് പറഞ്ഞത്. നിങ്ങൾ എന്താണ് പറയുന്നത്. ഒരുവശത്തുകൂടി വികസനം വേണമെന്ന് പറയുമ്പോൾ മറുവശത്ത് XXXXXXXXXXXXXXXX** പറയുന്നു. ശ്രീ. എം. എ. വാഹീദ് നിയമസഭയ്ക്കുള്ളിൽ പ്രഖ്യാപിച്ച ഇത്തരം കാര്യങ്ങളൊന്നും സഭാരേഖകളിൽ ഉണ്ടാവില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എം. എ. വാഹീദിന്റെ ആതീവ്രവികാരം ഞാൻ ഉൾക്കൊള്ളുന്നു. അതിന് കടുത്ത പദപ്രയോഗങ്ങൾ ഇല്ലെങ്കിലും അത് മനസ്സിലാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. ഈ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതീവ ഗുരുതരമായി ഇവിടെ വന്നിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാൻ അതിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് തയ്യാറാക്കി രൂപീകരിച്ച് വന്നതാണെങ്കിലും അത് പ്രസിദ്ധീകരിച്ചതിനുശേഷം വളരെയധികം പ്രതിഷേധമുണ്ടായി. മാസ്റ്റർ പ്ലാനിനെതിരെ ചില പ്രദേശങ്ങളിൽനിന്നും വ്യാപകമായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ പ്രസ്തുത കരട് മരവിപ്പിച്ചുകൊണ്ട് 26-02-2014-ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 23-09-2013-ൽ 'കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്' ഓർഡിനൻസ് നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്. ഈ ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം മറ്റൊരു പുതിയ മാസ്റ്റർ പ്ലാൻ നിലവിൽ വന്നാൽ മാത്രമേ നിലവിലുള്ള പഴയ മാസ്റ്റർ പ്ലാൻ റദ്ദാക്കുകയുള്ളൂ. ഇപ്പോഴത്തെ മാസ്റ്റർ പ്ലാൻ റദ്ദാക്കണമെന്നാണ് അവിടെയുള്ളവരുടെ ആവശ്യം.

---

** രേഖയിൽനിന്നും നീക്കംചെയ്തു.

ശ്രീ. എം. എ. വാഹീദും അതുതന്നെയാണ് ഇവിടെ പ്രകടിപ്പിച്ചത്. പക്ഷേ, ഇന്ന് നിലവിലുള്ള നിയമം അനുസരിച്ച് വേറൊരു മാസ്റ്റർ പ്ലാൻ വന്നാലേ പഴയത് റദ്ദാക്കാൻ സാധിക്കുകയുള്ളൂ. ആ ഒരു സാങ്കേതിക പ്രശ്നം ഇവിടെ വന്നിട്ടുണ്ട്. 24-06-2014-ന് ഞാൻ ഒരു യോഗം വിളിച്ചുകൂട്ടി. അതിൽ നഗരവികസന വകുപ്പുമന്ത്രിയും എം.എൽ.എ.-യും മേയറുമൊക്കെയുണ്ടായിരുന്നു. ആ യോഗത്തിൽ ഈവക പ്രശ്നങ്ങളെല്ലാം ആലോചിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരത്തിന്റെ മാസ്റ്റർ പ്ലാനിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തി പുതുക്കിയ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിക്കാൻ നഗര-ഗ്രാമ ആസൂത്രണ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. മേൽ വിഷയങ്ങൾകൂടി വിശദമായി പരിശോധിച്ച് മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ സ്വീകരിച്ചുവരികയാണ്. 22-02-2014-ൽ കൂടിയ തിരുവനന്തപുരം കോർപ്പറേഷന്റെ കൗൺസിൽ യോഗത്തിൽ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഈ തീരുമാനത്തിൽ മാസ്റ്റർ പ്ലാനിന്റെ കാതലായ പരാതികൾ ചർച്ച ചെയ്യപ്പെട്ടിരുന്നു. കാട്ടായിക്കോണം, മങ്ങാട്ടുകോണം, ആറ്റിപ്ര, കല്ലിംഗൽ പ്രദേശങ്ങൾ, കാട്ടായിക്കോണത്തെ പാർക്ക് ആന്റ് ഓപ്പൺ സ്പെയ്സ് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ പിൻവലിക്കുന്നതും ആറ്റിപ്ര വില്ലേജിലെ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള ഗ്രീൻ റ്റു പ്ലാൻഡ് ഡെവലപ്മെന്റ് ഏരിയായെ റസിഡൻഷ്യൽ ഏരിയയായി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതുമാണ്. കൂടാതെ മറ്റ് സ്ഥലങ്ങളിൽ ഗ്രീൻ റ്റു പ്ലാൻഡ് ഡെവലപ്മെന്റ് ഏരിയായെ ലോലേയിംഗ് ലാന്റിലേയ്ക്ക് കൊണ്ടുവന്ന് പാഡി ആന്റ് വെറ്റ്ലാന്റ് എന്ന

ആക്ടിൽപ്പെടുന്ന സ്ഥലങ്ങളായി ചുരുക്കി, യുക്തിപൂർവ്വമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഐ.റ്റി. ബേസ്ഡ് എന്റർപ്രൈസ് സോൺ ഉപേക്ഷിക്കുന്ന തിനും സ്ട്രാറ്റജിക് സോണിനെ കേന്ദ്ര സർക്കാരിന്റെ നിയമത്തിന് വിധേയ മായി പരിമിതപ്പെടുത്തുന്നതിലൂടെയും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കുന്നത്. ശ്രീ. എം. എ. വാഹീദിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ ആറ്റിപ്ര വില്ലേജിലെ മാസ്റ്റർ പ്ലാനിൽ ഉദ്ദേശിച്ചി ട്ടുള്ള ഗ്രീൻ റ്റു പ്ലാൻഡ് ഡെവലപ്മെന്റ് ഏരിയയെ റസിഡൻഷ്യൽ ഏരിയ യിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്. മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിനോ സ്ഥലവാസി കളെ കുടിയൊഴിപ്പിക്കുന്നതിനോ ഉള്ള ഒരു നടപടിയും സർക്കാരോ കോർപ്പ റേഷനോ സ്വീകരിച്ചിട്ടില്ല, സ്വീകരിക്കുകയുമില്ല.

ശ്രീ. എം. എ. വാഹീദ്: സർ, ഈ വിഷയത്തിൽ മുഖ്യമന്ത്രി നിർദ്ദേ ശിച്ച തീരുമാനങ്ങൾ സ്വാഗതാർഹമാണ്. എങ്കിലും, എന്റെ നാട്ടിലെ ജനങ്ങ ളുടെ ആശങ്ക മാറാത്ത ഒരു സ്ഥിതിയാണ്. ഇത് സ്വാഗതം ചെയ്യുന്നതോ ടൊപ്പം, ഈ മാസ്റ്റർ പ്ലാൻ റദ്ദാക്കാൻവേണ്ടി, ഇപ്പോൾ നിയമത്തിലുള്ളതു കൊണ്ടാണ് പറ്റാത്തതെന്ന് പറഞ്ഞു. അതുകൊണ്ട് ഒരു നിയമഭേദഗതി കൊണ്ടുവന്ന്, ആ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഈ മാസ്റ്റർ പ്ലാൻ റദ്ദാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ? ഈ മാസ്റ്റർ പ്ലാൻ റദ്ദാക്കു ന്നതിലാണ് എന്റെ ജനങ്ങൾക്ക് കൂടുതൽ താൽപ്പര്യമുള്ളത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കുന്നു. എങ്ങനെയെങ്കിലും ഈ മാസ്റ്റർ പ്ലാൻ റദ്ദ് ചെയ്ത് കിട്ടണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിയമത്തിൽ മറ്റൊരു മാസ്റ്റർ പ്ലാൻ കൊണ്ടു വന്നാലേ നിലവിലുള്ള മാസ്റ്റർ പ്ലാൻ റദ്ദ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

അതുകൊണ്ട് നിയമത്തിൽ മാറ്റംവരുത്താനല്ല, മറ്റൊരു മാസ്റ്റർ പ്ലാൻ ഏറ്റവും വേഗം തയ്യാറാക്കാനായിട്ടാണ് ശ്രമിക്കുന്നത്. അതിന് അന്നെടുത്ത ഒരു തീരുമാനം, അത് മലയാളത്തിലാക്കി എല്ലായിടത്തും കൊടുത്ത് എല്ലാവരുടേയും അഭിപ്രായങ്ങൾ കേൾക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ മലയാളത്തിലാക്കി എല്ലാവർക്കും മനസ്സിലാകുന്നവിധത്തിൽ എല്ലായിടത്തും അത് നൽകിയതിനുശേഷം അതിന്റെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാസ്റ്റർ പ്ലാൻ, ശ്രീ. എം. എ. വാഹീദ് പറഞ്ഞ കാര്യങ്ങളുംകൂടി പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാനുണ്ടാക്കി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: മുഖ്യമന്ത്രി, പുതിയൊരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രമേ പഴയ മാസ്റ്റർ പ്ലാൻ മാറുകയുള്ളൂ. അപ്പോൾ പുതിയ മാസ്റ്റർ പ്ലാൻ വരുന്നിടത്ത് ജനങ്ങളും ജനപ്രതിനിധികളും ഉണ്ടാകുകയില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിലവിലുള്ള ഒരു മാസ്റ്റർ പ്ലാൻ അതേപടി ക്യാൻസൽ ചെയ്ത് മാസ്റ്റർ പ്ലാൻ ഇല്ലാത്ത ഒരു സാഹചര്യമുണ്ടാക്കാൻ സാധിക്കില്ല. അതിൽ വേണമെങ്കിൽ മാറ്റങ്ങൾ വരുത്താം. മാറ്റങ്ങൾ വരുത്തുമ്പോൾ, ആ മാറ്റങ്ങൾ വരുത്തിയ മാസ്റ്റർ പ്ലാൻ അന്ന് നിലവിലുണ്ടായിരിക്കണം. നമുക്കൊരു പ്ലാനില്ലാത്ത സ്ഥിതിവിശേഷം, ആ ഒരു സാഹചര്യമുണ്ടാകരുതെന്നതിന്റെ പേരിലാണ്.....മാസ്റ്റർ പ്ലാൻ ക്യാൻസൽ ചെയ്താൽ പിന്നെ അവിടെ ഒന്നുമുണ്ടാകില്ല. പിന്നെ അടുത്ത മാസ്റ്റർ പ്ലാൻ വരുന്നത് മൂന്നോനാലോ വർഷങ്ങൾ കഴിഞ്ഞായിരിക്കും. അതിനോടകം വളരെയേറെ കാര്യങ്ങൾ ഈ പ്ലാനിന് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തവിധത്തിലുണ്ടായി എന്നുവരാം. അതുകൊണ്ടാണ് ഒരു പ്ലാൻ ഉള്ളപ്പോൾ

അത് ക്യാൻസൽ ചെയ്യാൻ പറ്റില്ല, പുതിയ ഒന്നുകൊണ്ട് റീപ്ലേസ് ചെയ്യാനേ സാധിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലനിൽക്കുന്നത്.

(2) പട്ടയ വിതരണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിലെ ആയിരക്കണക്കിന് മലയോര കർഷകർക്കും വിവിധ പുറമ്പോക്കുകളിലായി കാലങ്ങളായി താമസിച്ചുവരുന്നവർക്കും പട്ടയം നൽകുന്നതിനായി അടിയന്തരമായി ഫല പ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർ, മേച്ചിൽപ്പുറനിവാസികൾ, റോഡ്, തോട്, കനാൽ, പുഴ, പാറ തുടങ്ങിയവയുടെ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർ, പെരിങ്ങൽക്കുത്ത്, പുളിയിലപ്പാറയിലെ കെ.എസ്.ഇ.ബി. വക സ്ഥലത്ത് വർഷങ്ങളായി താമസിച്ചുവരുന്ന നൂറ്റിപ്പതിനഞ്ചോളം കുടുംബങ്ങൾ, ചാല ക്കുടി മുനിസിപ്പാലിറ്റിയിലെ ഗാന്ധിനഗർ 52 കോളനിയിൽ ഇനിയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ, ചാലക്കുടി വി.ആർ.പുരം എസ്.സി. കോളനി നിവാസികൾ തുടങ്ങി ആയിരക്കണക്കിന് അപേക്ഷകർക്ക് പട്ടയം നൽകുന്ന തിനുള്ള നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഞാൻ ഈ സഭയ്ക്ക് മുമ്പാകെ 11-07-2012-ൽ ഒരു ശ്രദ്ധ ക്ഷണിക്കലും 15-02-2013-ന് ഒരു സബ്മിഷനും അവതരിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി 25-07-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. നിർഭാഗ്യത്തിന് തുടർനടപടികൾ ഒന്നും

തന്നെ ഉണ്ടായിട്ടില്ല. തൃശ്ശൂർ ജില്ലയിലെ ചേലക്കര, വടക്കാഞ്ചേരി, ഒല്ലൂർ, പുതുക്കാട്, ചാലക്കുടി മണ്ഡലങ്ങളിലായി കാലങ്ങളായി മലയോര പട്ടയ ത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് പട്ടയംനൽകാൻ ഇനിയും കഴിയാത്ത അവസ്ഥയാണ്. തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗമായുള്ള മുല്ലക്കര, ആനക്കൊട്ടിൽ, ഹിൽപ്പാടി, പട്ടാളക്കുന്ന് എന്നിവിടങ്ങളിലേയും കോർപ്പറേഷ നോട് ചേർന്നുകിടക്കുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെയും ചാലക്കുടി പട്ടണത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ഉൾപ്പെടെയുള്ള പുറമ്പോ ക്കിൽ താമസിക്കുന്നവർ മലയോര പട്ടയവുമായി ബന്ധപ്പെട്ട് കിടക്കുകയാ ണ്.

സർ, ഇത് ഒരിക്കലും നീതീകരിക്കാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര അനു മതി ലഭിച്ച രണ്ടായിരത്തോളം അപേക്ഷകർക്ക് പട്ടയം അടിയന്തരമായി നൽകുന്നതിനും സംയുക്ത പരിശോധന നടത്തി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുള്ള 4000 അപേക്ഷകളിൽ അനുമതി നേടിയെടുക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന് പുറമേ മലയോര പട്ടയ വുമായി ബന്ധപ്പെട്ട് രണ്ടായിരത്തോളം കൈവശക്കാരുടെ അപേക്ഷകൾ ഇനിയും പരിഗണിക്കേണ്ടതുണ്ട്. ആയിരത്തോളം വരുന്ന മേച്ചിൽപ്പുറം നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച് അനുമതിക്കായി കാത്തിരിക്കുകയാണ്. ഇനിയും അവയ്ക്ക് അനുമതി ലഭിച്ചിട്ടില്ല. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ നിവാസികളായ 115–ഓളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ സംയുക്ത

പരിശോധന പൂർത്തിയാക്കിയെങ്കിലും കെ.എസ്.ഇ.ബി.–യുടെ ഭാഗത്തു നിന്നുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. 50 വർഷത്തിലേറെ കാലമായി താമസിച്ചുവരുന്ന പുളിയിലപ്പാറയിലെ 115 കുടുംബങ്ങൾക്ക് തടസ്സങ്ങൾ മാറ്റി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ എക്സ്–സർവ്വീസ്മെൻ കോളനിയിലെ കൈവശക്കാർക്ക് ഇനിയും പട്ടയം ലഭിക്കാത്ത സാഹചര്യ മുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള റോഡ്, തോട്, കനാൽ, പുഴ, പാറ തുടങ്ങിയ പുറമ്പോക്കുകളിൽ പ്രസ്തുത വകുപ്പുകളുടെ വികസന ങ്ങൾക്കാവശ്യം കഴിച്ചുള്ള സ്ഥലങ്ങളിൽ വർഷങ്ങളായി താമസിച്ചുവരുന്ന വരുടെ പട്ടയ അപേക്ഷകളിൻമേൽ ഇനിയും പട്ടയം നൽകുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. പട്ടയം ലഭിക്കാത്തതിന്റെ പേരിൽ ആയിരക്കണക്കിന് ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനോ സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുന്നതിനോ കഴിയാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ പതിനായിരത്തോളം വരുന്ന തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്കും വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ച് വരുന്നവരുൾപ്പെടെയുള്ള 25000 പേർക്കും പട്ടയം നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി കൊടുക്കാൻവേണ്ടി ആയിരക്കണക്കിന് ആളുകളുടെ അപേക്ഷ വാങ്ങിയെങ്കിലും അവർക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെ ന്നുള്ള വസ്തുത നിലനിൽക്കുകയാണ്. അപ്പോഴാണ് കാലങ്ങളായി കൈവശം വച്ചിട്ടുള്ള ആയിരക്കണക്കിന് ആളുകൾ പട്ടയം കിട്ടാതെ കഷ്ടപ്പെ ടുന്നത്. അത് ഇവിടെ ചർച്ച ചെയ്ത കാര്യമാണ്. വനഭൂമി തട്ടിയെടുക്കാനും

കായലുകൾ കയ്യേറി ഫ്ളാറ്റുകൾ നിർമ്മിക്കാനും ശ്രമങ്ങൾ നടക്കുമ്പോൾ രണ്ടുസെന്റ്, മൂന്നുസെന്റ് ഭൂമികളിലായി താമസിക്കുന്നവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. അതുകൊണ്ട് മനുഷ്യത്വപരമായ ഒരു സമീപനം സ്വീകരിച്ച് 25000-ത്തോളംവരുന്ന പാവപ്പെട്ടവരുടെ പട്ടയപ്രശ്നത്തിൽ തീരുമാനമെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, തലപ്പള്ളി, ചാലക്കുടി താലൂക്ക് പരിധിയിൽവരുന്ന 1-1-1977-നുമുമ്പ് വനഭൂമി കുടിയേറി കൈവശം വച്ചുവരുന്ന മലയോര കർഷകർക്ക് 1993-ലെ കേരള ഭൂമി പതിവ് സ്പെഷ്യൽ റൂളിന് വിധേയമായി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത പരിശോധന നടത്തി കേന്ദ്ര അനുമതി ലഭ്യമായ കേസ്സുകളിൽ തൃശ്ശൂർ ലാന്റ് അസൈൻമെന്റ് യൂണിറ്റ്-1, സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം മുഖാന്തിരം നിലവിലുള്ള നിയമത്തിനും ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി പട്ടയത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും നടപടികൾ തുടർന്നുവരുന്നതുമാണ്. കൂടാതെ കേന്ദ്ര അനുമതി ലഭ്യമാക്കേണ്ടതായ കേസ്സുകളിൽ റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി വനം വകുപ്പ് മുഖാന്തിരം 2005-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര അനുമതി ലഭ്യമായിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത്

രാജ് ആക്ട് 279 (1) വകുപ്പ് പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലങ്ങൾ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. മേൽപ്പടി ആക്ടിലെ 279 (2) പ്രകാരം പുനർനിക്ഷേപം നടത്തി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മേൽപ്പടി സ്ഥലങ്ങൾ പതിച്ച് നൽകാവുന്നതാണ്. 1994–ലെ പഞ്ചായത്ത് രാജ് ആക്ടിലെ 169–ാം വകുപ്പ് പ്രകാരം പൊതുവഴിയും 218–ാം വകുപ്പ് പ്രകാരം പൊതുജലമാർഗം, ചെറുപുഴകൾ, തോടുകൾ, നീരുറവ, ജലസംഭരണി എന്നിവയും പഞ്ചായത്തിന്റേതാണ്. 1994 –ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 207 പ്രകാരം നഗരസഭ കളിൽ നിക്ഷിപ്തമായ റോഡ് പുറമ്പോക്ക് പതിച്ച് നൽകരുതെന്ന് നിർദ്ദേശമു ള്ളതാണ്. ഇറിഗേഷൻ വകുപ്പിന്റെ 20–06–1994–ലെ സർക്കുലർ പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ ഭൂമികൾ കൈമാററുതെന്ന നിർദ്ദേശമുണ്ട്. 17–08 –1992–ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം കുളം പതിച്ച് നൽകേണ്ടെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 30–01–2009–ലെ പൊതുമരാമത്ത് വകുപ്പിന്റെ സർക്കുലർ പ്രകാരം റോഡുകളോട് ചേർന്ന സ്ഥലങ്ങളും സമീപപുറമ്പോക്കുകളും പതിച്ച് നൽകരുതെന്ന് നിർദ്ദേശമുണ്ട്. റവന്യൂ ഇതര വകുപ്പുകളുടെ അധീനതയിലുള്ള പുറമ്പോക്ക് നിവാസികളുടെ അപേക്ഷക ളിൻമേൽ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഭിപ്രായം ലഭിച്ചശേഷം പ്രസ്തുത വകുപ്പിന്റെ തടസമില്ലായെങ്കിൽ മേൽപ്പടി വകുപ്പിൽനിന്നും ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷേപം ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാവുന്നതാണ്. സംയുക്ത പരിശോധന കഴിഞ്ഞ പുളിയില

പ്പാറയിലെ നിവാസികൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിലേയ്ക്കായി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് വൈദ്യുതി വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭിച്ചിട്ടില്ല. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് ലഭിച്ച കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചുവരുന്നുണ്ട്. കിഴക്കേ ചാലക്കുടി വില്ലേജിലെ 52-ാം നമ്പർ കോളനി, ചാലക്കുടി മുനിസിപ്പാലിറ്റി ദുർബല വിഭാഗങ്ങളുടെ പുനരധിവാസത്തിനായി വിലയ്ക്കുവാങ്ങി വിതരണം ചെയ്ത ഭൂമിയാണ്. ആയതിന് കൈവശക്കാരുടെ പേരിൽ വില്ലേജിൽ ഭൂനികുതി സ്വീകരിച്ചിട്ടുള്ളതാണ്. കിഴക്കേ ചാലക്കുടി വില്ലേജിൽ വി.ആർ. പുരം പുലയപറമ്പ് കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇതൊരു മാനുഷിക പ്രശ്നമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടി രണ്ടും മൂന്നും അഞ്ചും സെന്റ് ഭൂമി കൈവശമുള്ള ആളുകൾക്ക് പട്ടയം വേഗത്തിൽ നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിൽനിന്ന് നൽകിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. നിയമത്തിനുവിധേയമായി ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്യണമെന്ന നിർദ്ദേശമാണ് പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ ഈ പറഞ്ഞ പട്ടയം രണ്ട് വിഭാഗവുമായി ബന്ധപ്പെട്ടതാണ്. ഒന്ന്, കേന്ദ്ര അനുമതി വേണ്ടതാണ്. കേന്ദ്ര

അനുമതി വേണ്ട കാര്യത്തിൽ ഇവിടെനിന്ന് അയച്ച ലിസ്റ്റിന് അനുമതി വാങ്ങി യെടുക്കണം. ഇനി അയയ്ക്കേണ്ടത് അയയ്ക്കണം. അതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അതോടൊപ്പംതന്നെ നമ്മുടെ എം.പി. –മാരുടെ മീറ്റിംഗിലൊക്കെ ഇക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തി, എം.പി. –മാരെക്കൊണ്ടും സമ്മർദ്ദം ചെലുത്തി കേന്ദ്രാനുമതി നേടിയെടുത്താൽ...... തൃശ്ശൂർ ജില്ലയിൽ മാത്രമല്ല, ഇത് നമ്മുടെ സംസ്ഥാനത്താകെ നിലനിൽക്കുന്ന പ്രശ്നമാണ്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. രണ്ടാമത്തെ കാര്യം, സ്റ്റേറ്റ് ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന കാര്യമാണ്. അതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമുണ്ടാക്കി..... ഭാവിയിൽ വികസനം ആവശ്യമില്ലാത്ത സ്ഥലത്തെക്കുറിച്ചാണ് പറയുന്നത്. വികസനത്തിന് ആവശ്യമില്ലാത്ത സ്ഥലത്തിന് പട്ടയം കൊടുക്കാനുള്ള നടപടിക്ക് ഒരു ഏകോപനമുണ്ടാക്കാൻകൂടി അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, സംയുക്ത പരിശോധന നടത്തിയതിനു ശേഷം കേന്ദ്ര അനുമതിക്കുവേണ്ടി അപേക്ഷകൾ നൽകിയിട്ടുണ്ട്. നാളിതു വരെയും അതിന് അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം കൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. അനുമതിക്കുവേണ്ടി പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സംയുക്തമായി നമുക്ക് ആ ശ്രമം തുടരാവു ന്നതാണ്. മറ്റൊരു കാര്യം, മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ചും നമ്മൾ പല ചർച്ചകൾ നടത്തിയിട്ടുണ്ട്. നിയമപരമായ ചില തടസങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ആ നിയമപരമായ തടസ്സങ്ങളി ല്ലാത്ത മേഖലകളിൽ ഭൂമി കൈവശമുള്ളവരുണ്ട്, പഞ്ചായത്ത്, വീടിന് നമ്പറിട്ട് കൊടുത്തവരുണ്ട്, ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയവരുണ്ട്, റേഷൻ

കാർഡ് കിട്ടിയവരുണ്ട്. അങ്ങനെയൊക്കെയുള്ള ആളുകൾക്ക് പട്ടയം നൽകുന്ന കാര്യത്തിൽ പ്രത്യേകമായ പരിഗണന നൽകുന്നതാണ്.